എ.വൈ.ആർ


സൂറ-16

# അന്നഹ്ൽ

وَلَا تَتَّخِذُوٓا۟ أَيْمَٰنَكُمْ دَخَلًۢا بَيْنَكُمْ فَتَزِلَّ قَدَمٌۢ بَعْدَ ثُبُوتِهَا
وَتَذُوقُوا۟ ٱلسُّوٓءَ بِمَا صَدَدتُّمْ عَن سَبِيلِ ٱللَّهِ ۖ وَلَكُمْ عَذَابٌ عَظِيمٌ
﴿٩٤﴾

94. സത്യവിശ്വാസികളേ, സ്വന്തം പ്രതിജ്ഞകളെ പരസ്പരം വഞ്ചിക്കാനുപായമാക്കരുത്. അത് നിങ്ങളുടെ പാദം ഉറച്ചശേഷം വഴുതിപ്പോകാനും ജനത്തെ ദൈവിക സരണിയിൽനിന്ന് തടഞ്ഞ കുറ്റത്തിന്റെ ദോഷമനുഭവിക്കാനും ഇടയാക്കും. പരലോകത്തും നിങ്ങൾക്കുള്ളത് ഭയങ്കരമായ ശിക്ഷയായിരിക്കും.

وَلَا تَشْتَرُوا۟ بِعَهْدِ ٱللَّهِ ثَمَنًا قَلِيلًا ۚ إِنَّمَا عِندَ ٱللَّهِ هُوَ خَيْرٌ
لَّكُمْ إِن كُنتُمْ تَعْلَمُونَ ﴿٩٥﴾

95. അല്ലാഹുവുമായുള്ള കരാറിനെ തുഛവിലയ്ക്കു വിൽക്കാതിരിക്കുവിൻ. അല്ലാഹുവിങ്കലുള്ളതു തന്നെയാകുന്നു നിങ്ങൾക്കേറ്റം വിശിഷ്ടമായിട്ടുള്ളത്; നിങ്ങൾ യാഥാർഥ്യം അറിയുന്നുവെങ്കിൽ.

مَا عِندَكُمْ يَنفَدُ ۖ وَمَا عِندَ ٱللَّهِ بَاقٍ ۗ وَلَنَجْزِيَنَّ
ٱلَّذِينَ صَبَرُوٓا۟ أَجْرَهُم بِأَحْسَنِ مَا كَانُوا۟ يَعْمَلُونَ ﴿٩٦﴾

96. നിങ്ങളുടെ കൈവശമുള്ളതെന്തും തീർന്നുപോകും. അല്ലാഹുവിങ്കലുള്ളതാകുന്നു അക്ഷയമായത്. ക്ഷമയവലംബിച്ചവർക്ക് നാം തീർച്ചയായും അവരുടെ ഏറ്റം നല്ല കർമങ്ങൾക്കൊത്തവണ്ണം പ്രതിഫലം നൽകുന്നതാകുന്നു.

مَنْ عَمِلَ صَٰلِحًا مِّن ذَكَرٍ أَوْ أُنثَىٰ وَهُوَ مُؤْمِنٌ فَلَنُحْيِيَنَّهُۥ حَيَوٰةً طَيِّبَةً ۖ
وَلَنَجْزِيَنَّهُمْ أَجْرَهُم بِأَحْسَنِ مَا كَانُوا۟ يَعْمَلُونَ ﴿٩٧﴾

97. പുരുഷനാവട്ടെ, സ്ത്രീയാവട്ടെ, സത്യവിശ്വാസിയായിക്കൊണ്ട് സൽകർമമാചരിച്ചവന് നാം വിശുദ്ധമായ ജീവിതം പ്രദാനം ചെയ്യുന്നതാകുന്നു. മരണാനന്തരം അവർക്കുള്ള കർമഫലം അവരുടെ ഏറ്റം ശ്രേഷ്ഠമായ കർമങ്ങൾക്കൊത്തവണ്ണം നൽകുന്നതുമായിരിക്കും.

وَلَا تَتَّخِذُوٓا۟= (സത്യവിശ്വാസികളെ)നിങ്ങൾ എടു(ആക്ക)രുത് أَيْمَٰنَكُمْ= നിങ്ങളുടെ പ്രതിജ്ഞകളെ

دَخَلًۢا= (വഞ്ചിക്കാനുള്ള ഉപായമായി) വഞ്ചനയായി بَيْنَكُمْ= നിങ്ങൾ പരസ്പരം فَتَزِلَّ= (വഴുതിപ്പോകാനും) അപ്പോൾ വഴുതും

قَدَمٌ= പാദം (നിങ്ങളുടെ) بَعْدَ ثُبُوتِهَا= ശേഷം (ഉറച്ച) അതിന്റെ സ്ഥിരീകരണത്തിനു

وَتَذُوقُوا۟= (അനുഭവിക്കാനും ഇടയാക്കും) നിങ്ങൾ അനുഭവിക്കുകയും ചെയ്യും ٱلسُّوٓءَ= ദോഷം, കഷ്ടപ്പാട്

بِمَا صَدَدتُّمْ= നിങ്ങൾ(ജനത്തെ)തടഞ്ഞതി(ന്റെ)നാൽ عَن سَبِيلِ ٱللَّهِ= ദൈവിക സരണിയിൽനിന്ന്

وَلَكُمْ= (ക്കുള്ളത്) പരലോകത്തും നിങ്ങൾക്കുണ്ട് عَذَابٌ عَظِيمٌ= (യായിരിക്കും) ഭയങ്കരമായ ശിക്ഷ

وَلَا تَشْتَرُوا۟= നിങ്ങൾ വിൽക്കാതിരിക്കുവിൻ, വാങ്ങാതിരിക്കുവിൻ

بِعَهْدِ ٱللَّهِ= (റിന്നു പകരം) കരാറുകൊണ്ട് അല്ലാഹുവിന്റെ(ഹുവുമായുള്ള) ثَمَنًا قَلِيلًا= (ക്ക്) തുഛമായ വില

إِنَّمَا عِندَ ٱللَّهِ= അല്ലാഹുവിങ്കലുള്ളത് هُوَ= അതുതന്നെയാകുന്നു خَيْرٌ لَّكُمْ= നിങ്ങൾക്ക് ഏറ്റം വിശിഷ്ടമായത്

إِن كُنتُمْ تَعْلَمُونَ= നിങ്ങൾ(യാഥാർഥ്യം)അറിയുന്നുവെങ്കിൽ مَا عِندَكُمْ= (എന്തും) നിങ്ങളുടെ കൈവശമുള്ളത് يَنفَدُ= തീർന്നുപോകും

وَمَا عِندَ ٱللَّهِ= അല്ലാഹുവിങ്കലുള്ള بَاقٍ= ശേഷിക്കുന്നത്(അക്ഷയമായത്) وَلَنَجْزِيَنَّ= തീർച്ചയായും നാം നൽകും
ٱلَّذِينَ صَبَرُوٓا۟= ക്ഷമിച്ചവർക്ക്, ക്ഷമയോടെ കർമമനുഷ്ഠിച്ചവർക്ക് أَجْرَهُم= അവരുടെ പ്രതിഫലം
بِأَحْسَنِ مَا كَانُوا۟ يَعْمَلُونَ= അവർ ചെയ്തിരുന്ന ഏറ്റവും നല്ലതായ കർമംകൊണ്ട്(കർമങ്ങൾക്കൊത്തവണ്ണം)
مَنْ عَمِلَ صَٰلِحًا= സൽകർമമാചരിച്ചവൻ مِّن ذَكَرٍ= പുരുഷനാ(വട്ടെ)ൽ أَوْ أُنثَىٰ= അല്ലെങ്കിൽ സ്ത്രീയാ(വട്ടെ)ൽ
وَهُوَ مُؤْمِنٌ= അവൻ വിശ്വാസിയാ(യി കൊണ്ട്)യ അവസ്ഥയിൽ
فَلَنُحْيِيَنَّهُۥ= അവനെ തീർച്ചയായും നാം ജീവിപ്പിക്കും(പ്രദാനം ചെയ്യുന്നതാകുന്നു) حَيَوٰةً= ഒരു ജീവിതം طَيِّبَةً= വിശുദ്ധമായ
وَلَنَجْزِيَنَّهُمْ= തീർച്ചയായും നാം അവർക്ക് പ്രതിഫലം നൽകുന്നതുമായിരിക്കും أَجْرَهُم= അവരുടെ കൂലി(കർമഫലം)
بِأَحْسَنِ مَا كَانُوا۟ يَعْمَلُونَ= അവർ ചെയ്തിരുന്ന ഏറ്റം നല്ലതിന്ന്(അവരുടെ ഏറ്റം ശ്രേഷ്ഠമായ കർമങ്ങൾക്കൊത്തവണ്ണം)

**94–96.** കരാറുകളുടെയും പ്രതിജ്ഞകളുടെയും ഗൗരവം സത്യവിശ്വാസികളെ പ്രത്യേകം ഉൽബോധിപ്പിക്കുന്നതായിട്ടാണ് മിക്ക ഖുർആൻ വ്യാഖ്യാതാക്കളും ഈ സൂക്തങ്ങളെ വിലയിരുത്തിയിട്ടുള്ളത്. ഇവിടെ പരാമർശിക്കുന്ന പ്രതിജ്ഞകൾ കൊണ്ട് പ്രവാചക ശിഷ്യന്മാർ അദ്ദേഹത്തിനു നൽകിയ ബൈഅത്ത്(അനുസരണ പ്രതിജ്ഞ) പ്രത്യേകം ഉദ്ദേശിച്ചിട്ടുള്ളതായും അവർ പറയുന്നു. അതായത് കരാറുകളും പ്രതിജ്ഞകളും ആളുകളെ വഞ്ചിക്കാനുള്ള ഉപായമാകുന്നത് സത്യത്തിന്റെയും ധർമത്തിന്റെയും പാതയിൽ ഉറപ്പിച്ച നിങ്ങളുടെ പാദം അതിൽനിന്ന് അസത്യത്തിന്റെയും അധർമത്തിന്റെയും പാതാളത്തിലേക്ക് വഴുതിപ്പോകാനിടയാക്കും. നിങ്ങൾ സത്യമാർഗത്തിൽനിന്ന് വഴുതാൻ മാത്രമല്ല, മറ്റു ചിലർ ഈ മാർഗത്തിലേക്ക് കടന്നുവരാതിരിക്കാനും അതു കാരണമായിത്തീരും. നിങ്ങൾ പ്രവാചകനോടു ചെയ്ത പ്രതിജ്ഞ ലംഘിക്കുന്നത് കുഫ്റിലേക്ക് തിരിച്ചുപോകുന്നതിനു തുല്യമാണ്. വന്നവരുടെ തിരിച്ചു പോക്ക് പുതുതായി വരാനാഗ്രഹിക്കുന്നവരെ പിന്തിരിപ്പിക്കുന്നു. അപ്പോൾ സ്വയം പിഴച്ചതിന്റെയും മറ്റുള്ളവരെ പിഴപ്പിച്ചതിന്റെയും ദോഷം നിങ്ങൾ അനുഭവിക്കേണ്ടിവരും. ഇവിടെ ഉദ്ദേശിച്ച ദോഷങ്ങളിൽ ഒന്ന് നിശ്ചയദാർഢ്യമില്ലാത്തവരും വഞ്ചകരുമായി അറിയപ്പെടുന്നതുമൂലമുണ്ടാകുന്ന മാനഹാനിയും നിന്ദയുമാണ്. ഇങ്ങനെ ചിലയാളുകൾ പിന്മാറിയതുകൊണ്ടൊന്നും ഈ പ്രസ്ഥാനം പരാജയപ്പെടാൻ പോകുന്നില്ല. നാളെ അതിവിടെ വിജയക്കൊടി നാട്ടുന്നത് അവർ കാണുക തന്നെ ചെയ്യും. അത് അവരെ നെടുംഖേദത്തിലേക്ക് തള്ളിവിടും. ശത്രുക്കൾ ഈ പ്രസ്ഥാനത്തിനെതിരെ യുദ്ധത്തിനൊരുമ്പെട്ടാൽ അവരും അതിൽ ചേരേണ്ടി വരും. അവർ കൊല്ലപ്പെടാനോ അടിമകളാക്കപ്പെടാനോ അതുകാരണമായിത്തീരും. അല്ലെങ്കിൽ വിശ്വാസികളുടെ ദയക്കുവേണ്ടി കെഞ്ചേണ്ടി വരും. ഇതെല്ലാം ഈ ലോകത്തുവെച്ചുതന്നെ അവർക്ക് നേരിടേണ്ടി വരുന്ന ദൗർഭാഗ്യങ്ങളാണ്. ഇനി മരിച്ചു ചെന്നാലോ അവിടെ കാത്തിരിക്കുന്നത് അതിഭയങ്കരമായ നിത്യനരകവും. ഈ ദീൻ അംഗീകരിച്ചുകൊണ്ട് പ്രവാചകന് ബൈഅത്ത് ചെയ്യുകയെന്നാൽ അല്ലാഹുവുമായി ഒരു പ്രതിജ്ഞ ചെയ്യുകയാണ് നിങ്ങൾ. പണവും സ്വാധീനവുമുള്ള ദൈവധിക്കാരികളുടെ തുഛമായ സഹായങ്ങളിൽ കണ്ണുനട്ട് ആ പ്രതിജ്ഞ ലംഘിച്ചുകൂടാ.

وَلَا تَشْتَرُوا۟ بِعَهْدِ ٱللَّهِ ثَمَنًا قَلِيلًا എന്നാണ് മൂലവാക്യം. അല്ലാഹുവിന്റെ കരാറിനു പകരം തുഛമായ വില വാങ്ങാതിരിക്കുക എന്നും തർജമയാകാം. اشتراء ന് വാങ്ങുക എന്നും വിൽക്കുക എന്നും അർഥമുണ്ട്. പഴയ ബാർട്ടർ സമ്പ്രദായത്തിൽ ഇടപാടിലെ രണ്ടു കക്ഷിയും ഒരേ സമയം വിൽക്കുന്നവനും വാങ്ങുന്നവനുമായിരിക്കും. ഓരോ കക്ഷിയും തനിക്കാവശ്യമുള്ളതു വാങ്ങുന്നതോടൊപ്പം മറ്റൊന്നു വിൽക്കുകയും ചെയ്യുന്നു. അതുകൊണ്ട് വാങ്ങുന്നവനും വിൽക്കുന്നവനും مشترى യാകുന്നു.

അല്ലാഹുവുമായുള്ള പ്രതിജ്ഞ തുഛ വിലക്ക് വിൽക്കരുത് എന്നു പറഞ്ഞതിന് വമ്പിച്ച വിലകിട്ടിയാൽ വിൽക്കാം എന്ന് അർഥമില്ല. എന്തുവിലക്കു വിറ്റാലും അല്ലാഹുവിങ്കൽ നിന്നു ലഭിക്കുന്ന പ്രതിഫലത്തെ അപേക്ഷിച്ച് അത് വളരെ തുഛമായതായിരിക്കും എന്നാണ് താൽപര്യം. ഈ ലോകത്ത് നിങ്ങൾ നേടുന്നത് അളവറ്റ സമ്പത്താവട്ടെ, അധികാരമാകട്ടെ, മറ്റെന്തെങ്കിലും മഹാ സൗഭാഗ്യമാകട്ടെ അത് പെട്ടെന്ന് തീർന്നു പോകും. ഇനി തീർന്നുപോയില്ലെങ്കിലും ഈ ലോകത്തെ ക്ഷണിക ജീവിതത്തിൽ മാത്രമേ നിങ്ങൾക്ക് അനുഭവിക്കാൻ കഴിയൂ. മരണത്തോടെ എല്ലാ ഭൗതിക സൗഭാഗ്യങ്ങളും നിങ്ങൾക്ക് അന്യമാകുന്നു. എന്നാൽ അല്ലാഹുവുമായുള്ള പ്രതിജ്ഞ പാലിച്ചതിന്റെ പേരിൽ പരലോകത്ത് ലഭിക്കുന്ന സൗഭാഗ്യങ്ങളൊക്കെയും അനന്തവും അക്ഷയവുമാകുന്നു. അതു സംരക്ഷിക്കാൻ നിങ്ങൾ ക്ലേശിക്കേണ്ടതില്ല. തീർന്നു പോകുമെന്നോ ആരെങ്കിലും തട്ടിയെടുക്കുമെന്നോ ഉൽക്കണ്ഠപ്പെടേണ്ടതുമില്ല. ഈ യാഥാർഥ്യങ്ങൾ മുമ്പിൽ വെച്ച് ചിന്തിച്ചാൽ ഈ ലോകത്ത് നേടുന്ന ഏതു സൗഭാഗ്യത്തെക്കാളും മികച്ചതും മഹത്തരവുമായിട്ടുള്ളത് അല്ലാഹുവിങ്കൽനിന്ന് ലഭിക്കുന്ന കർമഫലങ്ങളാണെന്ന് നിങ്ങൾക്ക് സ്വയം ബോധ്യമാകും.

അല്ലാഹുവിനോടു ചെയ്യുന്ന കരാറാവട്ടെ വ്യക്തികളോ സമൂഹങ്ങളോ തമ്മിൽ ഉണ്ടാക്കുന്ന കരാറുകളാവട്ടെ, പലപ്പോഴും പൂർത്തിയാക്കുക അത്ര എളുപ്പമായിരിക്കുകയില്ല. ചില സന്ദർഭങ്ങളിൽ കരാർ പാലനം ക്ലേശകരമായതോടൊപ്പം അതിന്റെ ലംഘനത്തിലൂടെ പലവക ഭൗതിക നേട്ടങ്ങളും ഉണ്ടാക്കാമെന്ന് കണ്ടെന്നുംവരാം. ചില കരാറുകളുടെ പൂർത്തീകരണം പലവക നഷ്ടങ്ങൾക്കിടയാക്കിയേക്കും. ചിലപ്പോൾ അതിന്റെ പേരിൽ അക്രമങ്ങളും മർദനങ്ങളും ഏൽക്കേണ്ടി വന്നുവെന്നും വരാം. ഇത്തരം പ്രലോഭനങ്ങളെയും പ്രകോപനങ്ങളെയും പീഡനങ്ങളെയുമെല്ലാം ക്ഷമയോടെ തരണം ചെയ്ത് സ്വന്തം പ്രതിജ്ഞയിലുറച്ചു നിൽക്കുകയാണ് സത്യവിശ്വാസി ചെയ്യേണ്ടത്. അത്തരം ക്ഷമാശീലർക്ക് അല്ലാഹുവിങ്കൽനിന്ന് അവരർഹിക്കുന്ന പ്രതിഫലം ലഭിക്കുമെന്നതിൽ യാതൊരു സംശയവും വേണ്ട.

وَلَنَجْزِيَنَّ........يَعْمَلُونَ എന്ന വാക്യത്തിൽ രണ്ടു സുവിശേഷങ്ങളുണ്ട്. ഒന്ന്, പ്രതിജ്ഞകളും കരാറുകളും പാലിക്കുന്നതിനുവേണ്ടി ത്യാഗങ്ങളനുഷ്ഠിക്കുകയും കഷ്ടനഷ്ടങ്ങളനുഭവിക്കുകയും ചെയ്യുന്നവർ അതിൽ അൽപവും ദുഃഖിക്കേണ്ടതില്ല. അവരുടെ ക്ഷമയും സഹനവും ത്യാഗപരിശ്രമങ്ങളും അല്ലാഹു കാണുന്നുണ്ട്. തീർച്ചയായും അർഹിക്കുന്ന പ്രതിഫലം തന്നെ പരലോകത്ത് അവർക്കു ലഭിക്കും. രണ്ട്, അവർക്ക് ലഭിക്കുന്ന പ്രതിഫലം അവരുടെ ഏറ്റം നല്ല കർമങ്ങൾക്കൊത്തതായിരിക്കും. بِأَحْسَنِ مَا كَانُوا يَعْمَلُونَ അവർ പ്രവർത്തിച്ചിരുന്ന ഏറ്റവും നല്ലതിനു പകരം അഥവാ അവരുടെ ഏറ്റം നല്ല കർമങ്ങൾക്കൊത്തത് എന്നാണ് മൂലവാക്ക്. അതായത് അവരുടെ കർമങ്ങളിൽ നിസ്സാരമായതിനെ മാനദണ്ഡമാക്കിയോ അവരിൽ സംഭവിച്ച തെറ്റുകുറ്റങ്ങൾ പരിഗണിച്ചോ അല്ല അവരുടെ പ്രതിഫലം നിശ്ചയിക്കുക. മറിച്ച് അവരുടെ ഏറ്റം മഹത്തായ സേവനങ്ങളെ മാനദണ്ഡമാക്കിയായിരിക്കും. അവരുടെ ചെറിയ ചെറിയ സൽകർമങ്ങൾ പോലും നന്മയുടെ തട്ടിൽ വലിയ ഭാരമുള്ളതാകുന്നു. അവരുടെ തെറ്റുകുറ്റങ്ങൾ അല്ലാഹു പൊറുത്തുതരും എന്ന സുവിശേഷവും ഈ വാക്കിലുള്ളതായി പണ്ഡിതന്മാർ വിശദീകരിച്ചിരിക്കുന്നു.

**97.** ക്ഷമയും സഹനവും ഉപദേശിക്കുമ്പോൾ ഖുർആൻ ഉദ്ദേശിക്കുന്നത് അധർമത്തോടും അന്യായത്തോടും പ്രതികരിക്കാതെ നിഷ്ക്രിയരാവുകയല്ലെന്നും മറിച്ച് അധർമങ്ങൾ ചെയ്യാനുള്ള പ്രലോഭനങ്ങളെയും പ്രകോപനങ്ങളെയും ധർമമാർഗത്തിലുള്ള പ്രതിബന്ധങ്ങളെയും ക്ഷമയോടെ, സഹനത്തോടെ തരണം ചെയ്ത് വിശിഷ്ടമായ കർമങ്ങൾ ചെയ്തുകൊണ്ടിരിക്കലാണെന്നും മുൻ സൂക്തത്തിലെ
وَلَنَجْزِيَنَّ الَّذِينَ صَبَرُوا أَجْرَهُم بِأَحْسَنِ مَا كَانُوا يَعْمَلُونَ എന്ന വാക്യത്തിൽ നിന്നുതന്നെ വ്യക്തമാണ്. ഈ ആശയം ഒന്നുകൂടി വിശദീകരിക്കുകയാണീ സൂക്തം. ഒരു സൽകർമം ചെയ്യുന്നവൻ, അത് സ്ത്രീയായാലും ശരി പുരുഷനായാലും ശരി അല്ലാഹുവിലും അവൻ അനുശാസിച്ച ധർമങ്ങളിലുമുള്ള അടിയുറച്ച വിശ്വാസത്തിന്റെ താൽപര്യമായിട്ടാണതു ചെയ്തതെങ്കിൽ അവർക്ക് അല്ലാഹു വിശുദ്ധമായ ജീവിതം നയിക്കാൻ ഉതവിയരുളുന്നു. മരണാനന്തരം അവരുടെ സൽകർമങ്ങൾക്കെല്ലാം മഹത്തായ കർമഫലം വിധിക്കുകയും ചെയ്യും.

കർമത്തിലൂടെയാണ് മനുഷ്യൻ ഉൽകൃഷ്ടനും നികൃഷ്ടനുമാകുന്നത്. പരലോകത്ത് സ്വർഗനരകങ്ങൾക്കവകാശിയാകുന്നതും കർമത്തിലൂടെ തന്നെ. വംശമോ വർണമോ ദേശമോ ഭാഷയോ ലിംഗമോ ഒന്നും ആരെയും ഉന്നതനോ നീചനോ ആക്കുന്നില്ല. إِنَّ أَكْرَمَكُمْ عِندَ اللَّهِ أَتْقَاكُمْ (നിങ്ങളിൽ ഏറ്റം ഉന്നതൻ ഏറ്റം ധർമനിഷ്ഠയുള്ളവനാകുന്നു - 49:13). ഇബ്റാഹീം നബിയുടെയും മൂസാനബിയുടെയും വേദങ്ങളിലൊക്കെ വ്യക്തമാക്കിയിട്ടുള്ള യാഥാർഥ്യമാണിതെന്ന് ഖുർആൻ സൂചിപ്പിക്കുന്നുണ്ട്.

وَأَن لَّيْسَ لِلْإِنسَانِ إِلَّا مَا سَعَىٰ ﴿٣٩﴾ وَأَنَّ سَعْيَهُ سَوْفَ يُرَىٰ ﴿٤٠﴾ ثُمَّ يُجْزَاهُ الْجَزَاءَ الْأَوْفَىٰ ﴿٤١﴾

(മനുഷ്യന് താൻ പ്രവർത്തിച്ചതല്ലാതെ യാതൊന്നുമില്ല. തന്റെ പ്രവർത്തനം താമസിയാതെ അവൻ കാണിക്കപ്പെടുന്നതാകുന്നു. പിന്നെ തികഞ്ഞ കർമഫലം ലഭിക്കുകയും ചെയ്യും - 53:39-41). كُلُّ نَفْسٍ بِمَا كَسَبَتْ رَهِينَةٌ (ഓരോ ആത്മാവും അതു സമ്പാദിച്ച കർമത്തിനു പണയമാകുന്നു - 74:38). ഭൗതികമായ ജീവിതവിജയത്തിന്റെ എന്നപോലെ ആത്മീയമായ ജീവിതവിജയത്തിന്റെയും ആധാരം കർമമാണ്. എന്തിന്റെ പേരിലായാലും കർമത്തിൽനിന്നുള്ള ഒളിച്ചോട്ടം ഉത്തരവാദിത്വങ്ങളിൽനിന്നുള്ള ഒളിച്ചോട്ടമാണ്. അതൊരിക്കലും പുണ്യമാകുന്നില്ല. ഓരോ സന്ദർഭവും ആവശ്യപ്പെടുന്ന കർമം അനുഷ്ഠിച്ചുകൊണ്ടിരിക്കേണം. നമസ്കാരത്തിന്റെ സമയത്ത് നമസ്കാരം, തൊഴിലിന്റെ സമയത്ത് തൊഴിൽ, ഭക്ഷണത്തിന്റെ സമയത്ത് ഭക്ഷണം. യുദ്ധം ചെയ്യേണ്ട സന്ദർഭത്തിൽ യുദ്ധവും പുണ്യകർമമാകുന്നു. അതുകൊണ്ടാണ് ഖുർആൻ നമസ്കാരവും ഭക്ഷണവും ദാനധർമവും വ്രതാനുഷ്ഠാനവും കൽപിക്കുന്നതുപോലെ അധർമത്തിനെതിരെയുള്ള പോരാട്ടവും കൽപിക്കുന്നത്.

മനുഷ്യരെന്ന നിലയിൽ സ്ത്രീ പുരുഷന്മാരെ ഖുർആൻ തുല്യരായി കാണുന്നതിന്റെ വ്യക്തമായ തെളിവുകൂടിയാണിത്. സൽകർമമനുഷ്ഠിച്ച പുരുഷന് തത്തുല്യമായ കർമമനുഷ്ഠിച്ച സ്ത്രീയെക്കാൾ മഹത്തരവും വിശുദ്ധവുമായ ഭൗതിക ജീവിതം വാഗ്ദാനം ചെയ്യുന്നില്ല. പരലോകത്ത് കൂടുതൽ മികച്ച പ്രതിഫലവുമില്ല. രണ്ടു കൂട്ടരുടെയും കർമം ഒരുപോലെ പരിഗണിക്കപ്പെടുന്നു. 3:195ൽ പ്രവാചകന്മാരിലൂടെ നൽകിയ വാഗ്ദാനങ്ങൾ പൂർത്തീകരിച്ചു തരേണമേ എന്ന് പ്രാർഥിക്കുന്നവർക്ക് അല്ലാഹു ഉത്തരം ചെയ്യുന്നതായി പറയുന്നു:

فَاسْتَجَابَ لَهُمْ رَبُّهُمْ أَنِّي لَا أُضِيعُ عَمَلَ عَامِلٍ مِّنكُم مِّن ذَكَرٍ أَوْ أُنثَىٰ ۖ بَعْضُكُم مِّن بَعْضٍ ۖ

(അവരുടെ നാഥൻ അവർക്കുത്തരമരുളി: പുരുഷനാവട്ടെ, സ്ത്രീയാവട്ടെ നിങ്ങളിൽ ആരുടെയും പ്രവർത്തനം ഞാൻ നിഷ്ഫലമാക്കുകയില്ല. നിങ്ങളെല്ലാവരും ഒരേ വർഗത്തിൽ പെട്ടവരാണല്ലോ). 40:40ൽ പറയുന്നു.

وَمَنْ عَمِلَ صَالِحًا مِّن ذَكَرٍ أَوْ أُنثَىٰ وَهُوَ مُؤْمِنٌ فَأُولَٰئِكَ يَدْخُلُونَ الْجَنَّةَ يُرْزَقُونَ فِيهَا بِغَيْرِ حِسَابٍ ﴿٤٠﴾

(പുരുഷനാവട്ടെ, സ്ത്രീയാവട്ടെ സത്യവിശ്വാസിയായിക്കൊണ്ട് സൽകർമം ചെയ്യുന്നതാരായാലും സ്വർഗത്തിൽ കടക്കുന്നതാകുന്നു. അവിടെ അവർക്ക് അളവറ്റ വിഭവങ്ങൾ ലഭിക്കുന്നു).

അടിസ്ഥാന വിശ്വാസങ്ങളിലോ കർമങ്ങളിലോ ഇസ്‌ലാം സ്ത്രീക്കും പുരുഷനുമിടയിൽ വ്യത്യാസം കൽപിക്കുന്നില്ല. പുരുഷൻ വിശ്വസിക്കേണ്ടതൊക്കെ സ്ത്രീയും വിശ്വസിക്കണം. പുരുഷൻ നിർവഹിക്കേണ്ട മൗലിക കർമങ്ങൾ -ഇസ്‌ലാം കാര്യങ്ങൾ- അതേ അളവിൽ സ്ത്രീയും നിർവഹിക്കണം. എന്നാൽ സ്ത്രീക്കും പുരുഷനും വ്യത്യസ്തമായ ജീവിത ധർമങ്ങൾ കൽപിച്ചിട്ടുണ്ട്. അവരവരുടെ ധർമങ്ങൾ പൂർത്തീകരിക്കാനാവശ്യമായ കായികവും മാനസികവുമായ ഗുണങ്ങളും ഓരോരുത്തർക്കും നൽകിയിരിക്കുന്നു. പുരുഷ ധർമം അതേ അളവിൽ സ്ത്രീക്ക് നിർവഹിക്കാനാവില്ല. സ്ത്രീ ധർമം പുരുഷന്നും നിർവഹിക്കാനാവില്ല. ഈ വ്യത്യാസം പക്ഷേ, പുരുഷന് സ്ത്രീയെക്കാൾ അല്ലെങ്കിൽ സ്ത്രീക്ക് പുരുഷനെക്കാൾ ആദരവും ഔന്നത്യവും നൽകുന്നില്ല. ആദരവിന്റെയും ഔന്നത്യത്തിന്റെയും മാനദണ്ഡം ദൈവഭയവും ധർമനിഷ്ഠയും മാത്രമാകുന്നു. إِنَّ أَكْرَمَكُمْ عِندَ اللَّهِ أَتْقَاكُمْ തഖ്‌വയുടെ അടിസ്ഥാനത്തിൽ ചില സ്ത്രീ പുരുഷന്മാർ മറ്റു ചില സ്ത്രീ പുരുഷന്മാരെക്കാൾ തീർച്ചയായും ശ്രേഷ്ഠരായിരിക്കും. ഈ ശ്രേഷ്ഠത അവർക്ക് ജന്മംകൊണ്ട് ലഭിക്കുന്നതോ ആരെങ്കിലും സമ്മാനിക്കുന്നതോ അല്ല; സ്വന്തം കർമഗുണം കൊണ്ട് സിദ്ധിക്കുന്നതാ

ണ്. കർമജീവിതം സംസ്കരിക്കുന്നതിലൂടെ മറ്റുള്ളവർക്കും അത് നേടിയെടുക്കാവുന്നതുമാണ്. ബുദ്ധി വൈഭവം, കായിക ശേഷി, സാമ്പത്തിക സമൃദ്ധി തുടങ്ങിയവയും വിശിഷ്ടഗുണങ്ങളാണ്. സത്യവിശ്വാസത്തിന്റെയും ധർമബോധത്തിന്റെയും താൽപര്യമനുസരിച്ച് വിനിയോഗിക്കുമ്പോഴാണ് അത് ആദരണീയമാകുന്നത്. “പ്രബലനായ സത്യവിശ്വാസി ദുർബലനായ സത്യവിശ്വാസിയെക്കാൾ ഉത്തമനാകുന്നു” എന്ന് നബി(സ) പ്രസ്താവിച്ചിട്ടുണ്ട്. ചിലയാളുകൾ അവരുടെ ഉത്തരവാദിത്വത്താൽ ഉന്നതരും മറ്റുള്ളവരുടെ അനുസരണം അർഹിക്കുന്നവരുമാകുന്നു. ഗുരുവര്യന്മാരും നേതാക്കളും ഭരണാധികാരികളും ഇങ്ങനെയുള്ളവരാണ്. നേതാക്കളെയും അധികാരികളെയും -ഉലുൽ അംറിനെ- അനുസരിക്കണമെന്ന് ഖുർആൻ കൽപിക്കുന്നുണ്ട് (4:59) പദവികളും ഔന്നത്യങ്ങളും ആരുടെയും കുത്തകയല്ല. സ്ത്രീയാവട്ടെ, പുരുഷനാവട്ടെ ആർക്കു വേണമെങ്കിലും അതൊക്കെ ആർജിക്കാനുള്ള സ്വാതന്ത്ര്യവും അവകാശവുമുണ്ട്.

ശക്തിയും അധികാരവും കൂടുതൽ ആവശ്യപ്പെടുന്നതാണ് പുരുഷ ധർമം. അല്ലാഹു ആ ഗുണങ്ങൾ അവന്ന് കൂടുതൽ നൽകിയിട്ടുണ്ട്. സ്ത്രൈണ ധർമം കൂടുതൽ ആവശ്യപ്പെടുന്നത് സ്നേഹകാരുണ്യങ്ങളും മൃദുലതയുമാണ്. അല്ലാഹു ആ ഗുണങ്ങൾ അവൾക്കും കൂടുതൽ നൽകിയിരിക്കുന്നു. അനുഭവവേദ്യമായ ജീവിത യാഥാർഥ്യമാണിത്. എന്നാൽ ശക്തിയും അധികാരവും സ്ത്രീക്കോ മൃദുലവികാരങ്ങൾ പുരുഷന്നോ വിലക്കപ്പെട്ടതല്ല. രണ്ടു യോഗ്യതകളും ഏറ്റക്കുറവുകളോടെ രണ്ടു കൂട്ടരിലുമുണ്ട്. സാധാരണ പുരുഷന്മാരെക്കാൾ പൗരുഷമുള്ള സ്ത്രീകളും നേരെ മറിച്ചും ചിലപ്പോൾ കണ്ടേക്കാം. അത്തരം സന്ദർഭങ്ങളിൽ പുരുഷന്റെ ചില ഉത്തരവാദിത്വങ്ങളേറ്റെടുക്കാൻ സ്ത്രീയും സ്ത്രീയുടെ ചില ഉത്തരവാദിത്വങ്ങളേറ്റെടുക്കാൻ പുരുഷനും പ്രാപ്തരാകുന്നു. അതൊന്നും ശരീഅത്തു വിലക്കിയിട്ടില്ല.

പുരുഷന്മാരെ സ്ത്രീകളുടെ പരിപാലകരായി ഖുർആൻ നിർദേശിക്കുന്നുണ്ട്. സാധാരണ സ്ത്രീ പുരുഷ പ്രകൃതികൾ പരിഗണിച്ചുകൊണ്ടുള്ള വിധിയാണത്. സ്ത്രീകൾ പുരുഷന്മാരെക്കാൾ താണവരാണെന്നോ പുരുഷന്മാരുടെ അടിമകളാണെന്നോ അതിനർഥമില്ല. സ്ത്രീയുടേതിൽനിന്ന് വ്യത്യസ്തമായ ചില ഗുണവിശേഷങ്ങൾ പുരുഷനു നൽകിയിട്ടുള്ളതിനാൽ അല്ലാഹു കുടുംബ നേതൃത്വവും സ്ത്രീയുടെ സംരക്ഷണവും അവനെ ഏൽപിച്ചിരിക്കുകയാണ്. സൂറ *അന്നിസാഅ്* 34-ാം സൂക്തത്തിന്റെ വ്യാഖ്യാനക്കുറിപ്പിൽ ഖുർആൻബോധനം ഈ വിഷയം വിശദമായി ചർച്ച ചെയ്തിരിക്കുന്നു.

സച്ചരിതർക്ക് വാഗ്ദാനം ചെയ്യുന്ന വിശുദ്ധ ജീവിതം حَيَوٰةً طَيِّبَةً കൊണ്ടുദ്ദേശ്യം ജീവിതത്തിന്റെ ആത്മീയവും ഭൗതികവുമായ വിശുദ്ധിയാണ്. അക്രമങ്ങളിൽ നിന്നും അനീതികളിൽനിന്നും ചൂഷണത്തിൽനിന്നും വഞ്ചനയിൽനിന്നും മറ്റു വൃത്തികേടുകളിൽനിന്നും മുക്തമായതാണ് സംശുദ്ധമായ ഭൗതിക ജീവിതം. അന്ധവിശ്വാസങ്ങളിൽനിന്നും അത്യാഗ്രഹങ്ങളിൽനിന്നും മറ്റു ദുർവികാരങ്ങളിൽനിന്നും മുക്തമായി സത്യവിശ്വാസവും സമാധാനവും സംതൃപ്തിയുമുള്ള മാനസികാവസ്ഥയാണ് ആത്മീയമായ സംശുദ്ധ ജീവിതം. സത്യവിശ്വാസത്തിലും സൽകർമത്തിലും അടിയുറച്ച ജീവിതം നയിക്കാൻ തീരുമാനിച്ചവരും തീർച്ചയായും പരീക്ഷണങ്ങൾ നേരിടേണ്ടിവരും. ചെകുത്താൻ അവരെ പ്രലോഭിപ്പിക്കുകയും പ്രകോപിപ്പിക്കുകയും ചെയ്തുകൊണ്ടിരിക്കും. അതുവഴി അല്ലാഹു തങ്ങളുടെ ക്ഷമയും സ്ഥൈര്യവും പരീക്ഷിക്കുകയാണെന്നും അതിന്റെ പരിണതിയെന്താണെന്നും അവർക്കു നന്നായറിയാം. ഇത്തരം പരീക്ഷണങ്ങൾ യഥാർഥ വിശ്വാസികളുടെ വിശ്വാസം വർധിപ്പിക്കുകയാണ് ചെയ്യുക. ഈമാനിന്റെ വളർച്ചക്കനുസൃതമായി അവരുടെ മനസ്സമാധാനവും ആത്മസംതൃപ്തിയും വർധിച്ചുകൊണ്ടിരിക്കും. സത്യവിശ്വാസികളുടെ ഈ ആത്മീയോൽക്കർഷവും സന്തുഷ്ടിയും, ഈമാനിന്റെ ശക്തിയും മാധുര്യവും അന്യമായവർക്ക് മനസ്സിലാക്കാൻ കഴിയില്ല. കഷ്ടനഷ്ടങ്ങളും ത്യാഗങ്ങളും അനുഭവിച്ചുകൊണ്ട് ദീനീസരണിയിൽ ഉറച്ചുനിൽക്കുന്നവരെ ഈമാനിന്റെ മാധുര്യമറിയാത്തവർ വിഡ്ഢികളെന്ന് പരിഹസിക്കുകയും സഹതപിക്കുകയും ചെയ്യുന്നുണ്ടാകും. ഈമാൻ ആവശ്യപ്പെടുന്ന ത്യാഗങ്ങളൊന്നും അനുഭവിക്കാതെ അനായാസമായ സുഖജീവിതം നയിക്കുന്ന തങ്ങളനുഭവിക്കുന്നതിനെക്കാൾ എത്രയോ കൂടുതലാണ് ആ വിശ്വാസികളനുഭവിക്കുന്ന മനഃസമാധാനവും സംതൃപ്തിയുമെന്ന് അവരറിയുന്നില്ല. സമ്പത്തും സ്ഥാനമാനങ്ങളും സന്തതികളുമൊക്കെ വിലപ്പെട്ട ജീവിത സൗഭാഗ്യങ്ങളും അനുഗ്രഹങ്ങളും തന്നെ. ഇതൊക്കെയുണ്ടായിട്ടും ഒരാൾക്ക് മനഃസമാധാനവും സംതൃപ്തിയും അന്യമാണെങ്കിൽ അയാളുടെ ജീവിതത്തിന് സൗഭാഗ്യവും സന്തുഷ്ടിയും -سعادة ഇല്ല. ജീവിതത്തിന്റെ രണ്ടറ്റങ്ങൾ കൂട്ടിമുട്ടിക്കാനാവാതെ ഉഴറുന്നവരെപ്പോലെ അയാളും ഉൽകണ്ഠാകുലനും അസംതൃപ്തനുമാകുന്നു- കാരണങ്ങൾ വ്യത്യസ്തമായിരിക്കുമെന്നുമാത്രം. حَيَوٰةً طَيِّبَةً നെ ഇബ്നു അബ്ബാസ് വ്യാഖ്യാനിച്ചത് ആത്മസംതൃപ്തിയുള്ള ജീവിതം എന്നാണ്. അതായത് -ഇല്ലാത്തതിൽ വേപഥു കൊള്ളാതെ, തനിക്ക് ഉള്ളത് എന്താണോ അതിൽ സംതൃപ്തികൊള്ളുന്ന ജീവിതം. അതിന് -القناعة- എന്നു പറയും. അല്ലാഹു വാഗ്ദാനം ചെയ്യുന്ന വിശുദ്ധമായ ജീവിതം القناعة ആണ് എന്ന് ഇമാം ഖുർതുബിയും പ്രസ്താവിച്ചിരിക്കുന്നു. القناعة مال لا ينفذ ഉള്ളതുകൊണ്ട് തൃപ്തിപ്പെടുക എന്നതു ഒരക്ഷയധനമാകുന്നു എന്നു നബി(സ) പ്രസ്താവിച്ചതായി ജാബിർ ബിൻ അബ്ദില്ലാ നിവേദനം ചെയ്തിരിക്കുന്നു. ഇബ്നു അബ്ബാസ് ഉദ്ധരിച്ച ഒരു പ്രവാചക പ്രാർഥന ഇപ്രകാരമാണ്: اللّهمّ قنّعني بما رزقني وبارك لي فيه واخلف على كلّ غائبة لي بخير (അല്ലാഹുവേ നീ എനിക്കേകിയിട്ടുള്ളതിൽ എന്നെ സംതൃപ്തനാക്കേണമേ അതിലെനിക്ക് അനുഗ്രഹം ചൊരിയേണമേ!. എനിക്ക് അപ്രത്യക്ഷമായതിനൊക്കെയും നീ കൂടുതൽ നല്ലത് പകരം തരേണമേ!) നബി(സ) പ്രസ്താവിച്ചതായി ഇബ്നു ഉമറിൽനിന്ന് ഇമാം മുസ്‌ലിം ഉദ്ധരിക്കുന്നു: ഇസ്‌ലാം സ്വീകരിക്കുകയും തന്റെ ജീവിതത്തിന് മതിയായത് ലഭിക്കുകയും താൻ നൽകിയിട്ടുള്ളതിൽ അല്ലാഹു സംതൃപ്തനാക്കുകയും ചെയ്തവൻ തീർച്ചയായും ജീവിത വിജയം നേടിയിരിക്കുന്നു.

فَلَنُحْيِيَنَّهُۥ حَيَوٰةً طَيِّبَةً എന്നു പറഞ്ഞത് ഭൗതിക ജീവിതത്തെക്കുറിച്ചാണെന്നാണ് ഖുർആൻ വ്യാഖ്യാതാക്കൾ പൊതുവിൽ മനസ്സിലാക്കിയിട്ടുള്ളത്. എന്നാൽ ഹസൻ(റ)ൽനിന്ന് വ്യത്യസ്തമായ ഒരഭിപ്രായം ഉദ്ധരിക്കപ്പെട്ടിരിക്കുന്നു. അദ്ദേഹത്തിന്റെ വീക്ഷണത്തിൽ മർത്യജീവിതം വിശുദ്ധം -طيب- ആവുക സ്വർഗത്തിലെത്തിയാൽ മാത്രമാണ്. അതുകൊണ്ട് വാഗ്ദാനം ചെയ്ത വിശുദ്ധ ജീവിതം സ്വർഗീയ ജീവിതമാണ്. وَلَنَجْزِيَنَّهُمْ.......يَعْمَلُونَ എന്ന വാക്യം മരണാനന്തര ജീവിതത്തെക്കുറിച്ചാണ് എന്നതിൽ തർക്കമില്ല. ഈ വാക്യത്തിന്റെ ആശയം മുൻസൂക്തത്തിന്റെ വിശദീകരണക്കുറിപ്പിൽ വന്നിരിക്കുന്നു. ■